"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-എൽ.എ.സി-എ.ഡി.എസ്- കോട്ടയം ജില്ല- കടുത്തുരുത്തി നിയോജകമണ്ഡലം- കീഴൂർ ഗവണ്മെന്റ് എൽ.പി സ്കൂളിന് വാഹനം വാങ്ങുന്നതിനായി തുക അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റീ-വാലിഡേറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.8580/2026/GEDN തീയതി,തിരുവനന്തപുരം, 23-10-2026

പരാമർശം:-
1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04.08.2018
2. 05.03.2025 തീയതിയിലെ 19/2025/ധന നമ്പർ സർക്കുലർ
3. സ.ഉ(സാധാ) നം.1993/2026/പൊവിവ തീയതി 06.03.2026
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.02.2026 തീയതിയിലെ ബി2/8800/2025/ഡിജിഇ നമ്പർ കത്ത്
5. സ.ഉ.(സാധാ) നം.6498/2026/ധന തീയതി 15.08.2026

ഉത്തരവ്

കോട്ടയം ജില്ല, കടുത്തുരുത്തി നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ട് (2022-23) - ൽ നിന്നും കീഴൂർ ഗവണ്മെന്റ് എൽ.പി സ്കൂളിന് വാഹനം വാങ്ങുന്നതിനായി ₹ 22,00,000/- (ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല.

(2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, പരാമർശം (1), (2), (5) എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, കടുത്തുരുത്തി നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ട് (2022-23) - ൽ നിന്നും കീഴൂർ ഗവണ്മെന്റ് എൽ.പി സ്കൂളിന് വാഹനം വാങ്ങുന്നതിനായി ₹ 22,00,000/- (ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തിൽ "4202-01-800-84 – Projects under LAC-ADS – Other Projects – NP" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചു കൊണ്ടും പരാമർശം (3)- ലെ ഉത്തരവ് റീ-വാലിഡേറ്റ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം

ധനകാര്യവകുപ്പ്(09.10.2026 തീയതിയിലെ 3188830/NC-B2/77/2025-FIN നമ്പർ അഭിപ്രായപ്രകാരം)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിന് പ്രകാരം

Digitally Signed by
Sajitha V
Date: 24-10-2026
12:20:47

സെക്ഷൻ ഓഫീസർ